**മഹാത്മാഗാന്ധി സർവ്വകലാശാല**

17255/AD A4/4/2019/AD A 4 10.07.2019

**പരിപത്രം**

**വിഷയം : ജീവനക്കാര്യം - കമ്പ്യൂട്ടർ അസ്സിസ്റ്റന്റുമാരുടെ അന്തർ സർവ്വകലാശാല സ്ഥലംമാറ്റം - സംബന്ധിച്ച്.**

സൂചന : 1. അദ്ധ്യായം 4, ഭാഗം II സ്റ്റാറ്റ്യൂട്ട്സ് 22 എ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ്, 1997.
2. സർക്കാർ ഉത്തരവ് നമ്പർ സ.ഉ (കൈ) നം. 123/ഉ.വി.വ, തീയതി 09.05.2017.

സൂചന (1) വ്യവസ്ഥകളുടെയും സൂചന (2) സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഈ സർവ്വകലാശാലയിൽ നിന്നും താഴെ പറയുന്ന കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേയ്ക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനുള്ള യോഗ്യതാപട്ടിക തയ്യാറാക്കുന്നതിനായി ഈ സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ (കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - I, സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്, സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**പൂരിപ്പിച്ച അപേക്ഷകൾ 17.07.2019 അപരാഹ്നത്തിന് മുൻപായി എഡി.എ 4 സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്.** അപേക്ഷാ ഫോറത്തിന്റെ മാതൃക അന്യത്ര ചേർത്തിരിക്കുന്നു.

| ക്രമ നം. | സർവ്വകലാശാലയുടെ പേര് |
|---|---|
| **1** | **കേരള കാർഷിക സർവ്വകലാശാല** |
| **2** | **കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്** |
| **3** | **കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല** |
| **4** | **കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല** |

KOMALAVALLY. K
JOINT REGISTRAR IN CHARGE OF REGISTRAR

പകർപ്പ് :
1.സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ
2.വൈസ് ചാൻസലർ/പ്രൊ - വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
4.അസിസ്റ്റന്റ് രജിസ്ട്രാർമാർ/ഡെപ്യൂട്ടി രജിസ്ട്രാർമാർ/ജോയിന്റ് രജിസ്ട്രാർമാർ
5.സി.എം.എസ്, പി.ആർ.ഒ/നോട്ടീസ് ബോർഡ്

Draft #1 of File 17255/AD A4/4/2019/AD A 4 Approved by JOINT REGISTRAR IN CHARGE OF REGISTRAR on 10-Jul-2019 04:26 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #1 of File 17255/AD A4/4/2019/AD A 4 Approved by JOINT REGISTRAR IN CHARGE OF REGISTRAR on 10-Jul-2019 04:26 PM - Page 2

മലയാളം സർവ്വകലാശാല, കേരളം

**അന്തർ സർവ്വകലാശാല സ്ഥലം മാറ്റത്തിനുള്ള ഓപ്ഷൻ/അപേക്ഷ**

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും ഉദ്യോഗപ്പേരും പി എഫ് നമ്പരും | |
| 2 | ജനനതീയതി | |
| 3 | മേൽവിലാസം | |
| 4 | ജോലിയിൽ പ്രവേശിച്ച തീയതി (നേരിട്ടുള്ള നിയമനം തസ്തികമാറ്റം അന്തർ സർവ്വകലാശാല സ്ഥലംമാറ്റം മുഖേന) | |
| 5 | സർവ്വകലാശാല നിയമന ശിപാർശ തീയതി (കമ്പ്യൂട്ടർ അസിസ്റ്റൻറ് ഗ്രേഡ് II തസ്തിക) | |
| 6 | നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തസ്തിക, അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ | |
| 7 | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിയും ഉത്തരവ് നമ്പരും (സൂചന 2 പ്രകാരം അപേക്ഷിക്കുന്നവർ ഒഴികെ) | |
| 8 | ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികയും ഉത്തരവ് നമ്പരും തീയതിയും | |
| 9 | ഓപ്ഷന് പരിഗണിക്കേണ്ട സർവ്വകലാശാല/സർവ്വകലാശാലകളുടെ പേര് | |
| 10 | താങ്കൾ ഏതെങ്കിലും ശിക്ഷാനടപടികൾക്ക് വിധേയമാവുകയോ താങ്കൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുകയോ ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക. | |
| 11 | മറ്റ് വിശദാംശങ്ങൾ ഉണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുക | |

**<u>സത്യപ്രസ്താവന</u>**

സൂചന (1), (2) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ........................................................................................................

..........................................................................................................................................സർവ്വകലാശാലയിലേക്ക്/ സർവ്വകലാശാലകളിലേക്ക് അന്തർ സർവ്വകലാശാല സർവ്വകലാശാലകളിലേക്ക് സ്ഥലംമാറ്റത്തിനായി മേൽ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം: പേര്:

തീയതി: ഒപ്പ്

ഓഫീസ് അധികാരിയുടെ മേലൊപ്പും ഉദ്യോഗപ്പേരും